പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 150

# 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി)

# (3-ാം നമ്പർ) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 150

# 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി)

# (3-ാം നമ്പർ) ബിൽ

1477/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 150

# 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും 2010-ലെ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റും 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31) 2010-ലെ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റും (2011-ലെ 5) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റും (2021-ലെ 1) 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റും (2021-ലെ 10) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1986-ലെ 31-ാം ആക്റ്റിനുള്ള ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ (1986-ലെ 31),—

1477/2022.

(എ) 8-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യുമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലമുള്ള ഒരു അറിയിപ്പ് നൽകിക്കൊണ്ട് അയാളുടെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(1ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല." ;

(ബി) 11-ാം വകുപ്പിൽ (16)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(16) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-വൈസ്-ചാൻസലറെ വൈസ്-ചാൻസലർ അയാളുടെ ചുമതലകൾ പുനരാരംഭിക്കുന്ന തീയതി വരെ വൈസ്-ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തേണ്ടതാണ്. പ്രോ-വൈസ്-ചാൻസലറുടെ അഭാവത്തിൽ, ചാൻസലർ, സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെ ബന്ധപ്പെട്ട സർവ്വകലാശാലയുടെ ചാൻസലറുടെ അംഗീകാരത്തോടെ, അധികാരപ്പെടുത്തേണ്ടതാണ്.".

3. 2011-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി.—2010-ലെ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റിലെ (2011-ലെ 5),—

(എ) 31-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

" (1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യുമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലമുള്ള ഒരു അറിയിപ്പ് നൽകിക്കൊണ്ട് അയാളുടെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(1ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല.";

(ബി) 33-ാം വകുപ്പിൽ (11)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (11) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-വൈസ്-ചാൻസലറെ വൈസ്-ചാൻസലർ അയാളുടെ ചുമതലകൾ പുനരാരംഭിക്കുന്ന തീയതി വരെ വൈസ്-ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തേണ്ടതാണ്. പ്രോ-വൈസ്-ചാൻസലറുടെ അഭാവത്തിൽ, ചാൻസലർ, സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെ ബന്ധപ്പെട്ട സർവ്വകലാശാലയുടെ ചാൻസലറുടെ അംഗീകാരത്തോടെ, അധികാരപ്പെടുത്തേണ്ടതാണ്." .

4. <u>2013-ലെ 24-ാം ആക്റ്റിനുള്ള ഭേദഗതി</u>.— 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിലെ (2013-ലെ 24),

(എ) 26-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:-

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1 എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1 ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1 സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലമുള്ള ഒരു അറിയിപ്പ് നൽകിക്കൊണ്ട് അയാളുടെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(1 ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1 എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല." ;

(ബി) 29-ാം വകുപ്പിൽ,—

(i) (9)-ാം ഉപവകുപ്പിൽ "താൽക്കാലികമായതോ സ്ഥിരമായതോ ആയ" എന്നീ വാക്കുകൾക്കു പകരം "സ്ഥിരമായ” എന്ന വാക്ക് ചേർക്കേണ്ടതാണ്.;

(ii) (9)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“(10) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-വൈസ്-ചാൻസലറെ വൈസ്-ചാൻസലർ അയാളുടെ ചുമതലകൾ പുനരാരംഭിക്കുന്ന തീയതി വരെ വൈസ്-ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തേണ്ടതാണ്. പ്രോ-വൈസ് ചാൻസലറുടെ അഭാവത്തിൽ, ചാൻസലർ, സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെ ബന്ധപ്പെട്ട സർവ്വകലാശാലയുടെ ചാൻസലറുടെ അംഗീകാരത്തോടെ, അധികാരപ്പെടുത്തേണ്ടതാണ്.” .

5. <u>2015-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി</u>.—2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ (2015-ലെ 17),—

(എ) 10-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുക ൾ ചേർക്കേണ്ടതാണ്, അതായത്:—

“(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യുമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1 <u>എ</u>) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1 <u>ബി</u>) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1 <u>സി</u>) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലമുള്ള ഒരു അറിയിപ്പ് നൽകിക്കൊണ്ട് അയാളുടെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(1 ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1 എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല." ;

(ബി) 13-ാം വകുപ്പിൽ,—

(i) (7)-ാം ഉപവകുപ്പിൽ, (iii)-ാം ഖണ്ഡം വിട്ടുകളയേണ്ടതാണ് ;

(ii) (7)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(7 എ) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-വൈസ്-ചാൻസലറെ വൈസ്-ചാൻസലർ അയാളുടെ ചുമതലകൾ പുനരാരംഭിക്കുന്ന തീയതി വരെ വൈസ്-ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തേണ്ടതാണ്. പ്രോ-വൈസ്-ചാൻസലറുടെ അഭാവത്തിൽ, ചാൻസലർ, സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെ ബന്ധപ്പെട്ട സർവ്വകലാശാലയുടെ ചാൻസലറുടെ അംഗീകാരത്തോടെ, അധികാരപ്പെടുത്തേണ്ടതാണ്.".

6. 2021-ലെ 1-ാം ആക്റ്റിനുള്ള ഭേദഗതി.—2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിലെ (2021-ലെ 1),—

(എ) 8-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യുമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ യൂണിവേഴ്സിറ്റിയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1 എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1 ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1 സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം യൂണിവേഴ്സിറ്റിയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും യൂണിവേഴ്സിറ്റി, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലമുള്ള ഒരു അറിയിപ്പ് നൽകിക്കൊണ്ട് അയാളുടെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(1 ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1 എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല." ;

(ബി) 11-ാം വകുപ്പിൽ,—

(i) (6)-ാം ഉപവകുപ്പിൽ, (iii)-ാം ഖണ്ഡം വിട്ടുകളയേണ്ടതാണ് ;

(ii)(6)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

" (6 എ) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-വൈസ്-ചാൻസലറെ വൈസ്-ചാൻസലർ അയാളുടെ ചുമതലകൾ പുനരാരംഭിക്കുന്ന തീയതി വരെ വൈസ്-ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തേണ്ടതാണ്.

പ്രോ-വൈസ്-ചാൻസലറുടെ അഭാവത്തിൽ, ചാൻസലർ, സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെ ബന്ധപ്പെട്ട സർവ്വകലാശാലയുടെ ചാൻസലറുടെ അംഗീകാരത്തോടെ, അധികാരപ്പെടുത്തേണ്ടതാണ്.” .

7. <u>2021-ലെ 10-ാം ആക്റ്റിനുള്ള ഭേദഗതി</u>.—2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റിലെ (2021-ലെ 10),—

(എ) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1<u>എ</u>) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1<u>ബി</u>) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1<u>സി</u>) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1<u>ഡി</u>) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലമുള്ള ഒരു അറിയിപ്പ് നൽകിക്കൊണ്ട് അയാളുടെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(1<u>ഇ</u>) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1<u>എഫ്</u>) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല.";

(ബി) 11-ാം വകുപ്പിൽ (10)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(10) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-വൈസ്-ചാൻസലറെ വൈസ്-ചാൻസലർ അയാളുടെ ചുമതലകൾ പുനരാരംഭിക്കുന്ന തീയതി വരെ വൈസ്-ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തേണ്ടതാണ്. പ്രോ-വൈസ്-ചാൻസലറുടെ അഭാവത്തിൽ, ചാൻസലർ, സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെ ബന്ധപ്പെട്ട സർവ്വകലാശാലയുടെ ചാൻസലറുടെ അംഗീകാരത്തോടെ, അധികാരപ്പെടുത്തേണ്ടതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഇന്ത്യാ ഗവൺമെന്റ്, 2007 ഏപ്രിൽ 27-ാം തീയതി ജസ്റ്റിസ് മദൻ മോഹൻ പൂഞ്ചി അദ്ധ്യക്ഷനായി കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ സംബന്ധിച്ച് ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുള്ളതാണ്. ഒരു സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന്റെ ഭരണനിർവ്വഹണത്തിൽ ഗവർണ്ണറുടെ സ്ഥാനവും സർവ്വകലാശാലകളുടെ ചാൻസലർ എന്ന നിലയിൽ ഗവർണ്ണറുടെ ചുമതലയും കമ്മീഷൻ പരിശോധിക്കവേ, ഭരണഘടനാപരമായ ചുമതലകൾ ന്യായമായും നിഷ്പക്ഷമായും നിർവ്വഹിക്കുവാൻ സാധ്യമാക്കുന്നതിനായി, ഭരണഘടന വിഭാവനം ചെയ്തിട്ടില്ലാത്തതും ഗവർണ്ണറുടെ പദവിയെ വിവാദങ്ങളിലേയ്ക്കോ പൊതുവിമർശനങ്ങളിലേയ്ക്കോ വിധേയമാക്കാവുന്നതുമായ സ്ഥാനങ്ങളും അധികാരങ്ങളും മുഖേന ഗവർണ്ണറെ ബുദ്ധിമുട്ടിക്കാൻ പാടുള്ളതല്ല എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഗവർണ്ണർക്ക് ഏതെങ്കിലും സ്റ്റാറ്റ്യൂട്ട് പ്രകാരം സാധാരണരീതിയിലുള്ള ചുമതലകൾ നൽകരുതെന്നും കമ്മീഷൻ നിരീക്ഷിച്ചിട്ടുണ്ട്. അറിയപ്പെടുന്ന വിദ്യാഭ്യാസ വിചക്ഷണന്മാരെ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ചാൻസലർമാരായി നിയമിക്കുവാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും ശിപാർശ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ, പ്രഗത്ഭരും പ്രശസ്തരും ആയ വിദ്യാഭ്യാസ വിചക്ഷണന്മാരെ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ചാൻസലർമാരായി നിയമിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ ചെയ്യേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് എല്ലാ സർവ്വകലാശാല നിയമങ്ങളിലും സമാന വ്യവസ്ഥകൾ കൊണ്ടുവരുന്നതിനും കൂടി സർക്കാർ തീരുമാനിച്ചു. അതിനാൽ, പ്രസ്തുത ആവശ്യത്തിലേയ്ക്കായി സംസ്ഥാനത്തെ സർവ്വകലാശാല നിയമങ്ങളിൽ ഭേദഗതി വരുത്താൻ സർക്കാർ തീരുമാനിച്ചു.

2. മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പിണറായി വിജയൻ.

## 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1986-ലെ 31)

** ** ** **

8. ചാൻസലർ.—(1) കേരള ഗവർണ്ണർ, തന്റെ ഉദ്യോഗം ഹേതുവായി, സർവ്വകലാശാലയുടെ ചാൻസലറായിരിക്കുന്നതാണ്.

** ** ** **

11. വൈസ്-ചാൻസലർ.—(1) ** **

** ** ** **

(16) വൈസ്-ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്തിൽ താൽക്കാലികമായി ഒഴിവുണ്ടാകുകയോ അല്ലെങ്കിൽ വൈസ്-ചാൻസലർ താൽക്കാലികമായി ഹാജരില്ലാതിരിക്കുകയോ ചെയ്യുമ്പോൾ പ്രോ-വൈസ് ചാൻസലർ വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതും, വൈസ്-ചാൻസലറുടേയും, പ്രോ-വൈസ് ചാൻസലറുടെയും ഔദ്യോഗിക സ്ഥാനങ്ങളിൽ താൽക്കാലികമായി ഒഴിവുകൾ ഉണ്ടാവുകയോ, വൈസ്-ചാൻസലറും പ്രോ-വൈസ് ചാൻസലറും താൽക്കാലികമായി ഹാജരില്ലാതിരിക്കുകയോ ചെയ്യുമ്പോൾ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ഏർപ്പാടുകൾ ചാൻസലർ ചെയ്യേണ്ടതുമാണ്.

** ** ** **

# 2010-ലെ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (2011-ലെ 5)

** ** ** **

31. ചാൻസലർ.—(1) കേരള ഗവർണ്ണർ, അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ ചാൻസലർ ആയിരിക്കുന്നതാണ്.

** ** ** **

33. വൈസ്-ചാൻസലർ.—(1) ** **

** ** ** **

(11) വൈസ്-ചാൻസലർ സ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുകയോ വൈസ്-ചാൻസലർക്ക് അസുഖമായ കാരണത്താലോ അദ്ദേഹത്തിന്റെ അഭാവത്താലോ അല്ലെങ്കിൽ വേറെ എന്തെങ്കിലും കാരണത്താലോ അദ്ദേഹത്തിന്റെ അധികാരം ഉപയോഗിക്കുവാനും പദവിയുമായി ബന്ധപ്പെട്ട കർത്തവ്യങ്ങൾ നിറവേറ്റാനും സാധ്യമല്ലാതാകുകയോ ചെയ്യുമ്പോൾ പ്രോ-വൈസ്-ചാൻസലറുമായി കൂടിയാലോചിച്ച് ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് ഒരു വൈസ്-ചാൻസലറെ നിയമിക്കുന്നതുവരെ വൈസ്-ചാൻസലറുടെ അധികാരം വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിറവേറ്റുന്നതിനും, ആവശ്യമായ ക്രമീകരണങ്ങൾ ചാൻസലർ ഉണ്ടാക്കേണ്ടതാണ്.

** ** ** **

# 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (2013-ലെ 24)

**  **  **  **

26. ചാൻസലർ.—(1) കേരള ഗവർണ്ണർ അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം ഹേതുവായി സർവ്വകലാശാലയുടെ ചാൻസലർ ആയിരിക്കുന്നതാണ്.

**  **  **  **

29. വൈസ്-ചാൻസലർ.—(1)  **  **

**  **  **  **

(9) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിൽ താൽക്കാലികമായതോ സ്ഥിരമായതോ ആയ ഒഴിവ് വരുകയാണെങ്കിൽ, (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രസ്തുത ഒഴിവ് യഥാവിധി നികത്തുന്നതുവരെ ചാൻസലർ ആവശ്യമായ ഇടക്കാല ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും അങ്ങനെയുള്ള ഇടക്കാല ക്രമീകരണങ്ങൾ മൂന്ന് മാസത്തിൽ കൂടുതൽ തുടരാൻ പാടില്ലാത്തതുമാണ്.

**  **  **  **

# 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (2015-ലെ 17)

** ** ** **

10. ചാൻസലർ.—(1) കേരള ഗവർണ്ണർ, അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ ചാൻസലറായിരിക്കുന്നതാണ്.

** ** ** **

13. വൈസ്-ചാൻസലർ.—(1) ** **

** ** ** **

(7) താഴെപ്പറയുന്ന ഏതെങ്കിലും സാഹചര്യങ്ങളിൽ വൈസ്-ചാൻസലറുടെ ഒഴിവ് വരുന്നപക്ഷം, സർക്കാർ ശിപാർശ ചെയ്യുന്ന, മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെയോ ഈ സർവ്വകലാശാലയുടെ പ്രോ-വൈസ്-ചാൻസലറെയോ അല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെയോ മൊത്തം ആറുമാസത്തിൽ കവിയാത്ത കാലയളവിലേക്ക്, വൈസ്-ചാൻസലറായി ചാൻസലർക്ക് നിയമിക്കാവുന്നതുമാണ്, അതായത്:—

(i) (2)-ാം ഉപവകുപ്പിൻകീഴിൽ നിയമിച്ച സമിതിക്ക് ചാൻസലർ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ ഏതെങ്കിലും പേര് ശിപാർശ ചെയ്യാൻ കഴിയാതെ വരുന്നിടത്ത്;

(ii) മരണം, രാജി അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ വൈസ്-ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്ത് ഒഴിവുണ്ടാകുകയും (1) മുതൽ (5) വരെ ഉപവകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം സൗകര്യപ്രദമായും സത്വരമായും അത് നികത്താൻ കഴിയാതിരിക്കുകയും ചെയ്യുന്നിടത്ത്;

(iii) അവധി, അസുഖം അല്ലെങ്കിൽ മറ്റേതെങ്കിലും കാരണങ്ങളാൽ വൈസ്-ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്ത് താൽക്കാലികമായ ഒഴിവുണ്ടാകുന്നിടത്ത്;

(iv) വൈസ്-ചാൻസലറുടെ ഔദ്യോഗിക കാലാവധി അവസാനിക്കുന്നിടത്ത്;

(v) മറ്റെന്തെങ്കിലും അടിയന്തരഘട്ടം ഉണ്ടാകുന്നിടത്ത്:

എന്നാൽ, അങ്ങനെ നിയമിക്കപ്പെട്ട ആൾ, വൈസ്-ചാൻസലർ ഔദ്യോഗിക സ്ഥാനത്ത് തിരികെ പ്രവേശിക്കുന്ന തീയതിയിൽ അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്നത് അവസാനിക്കുന്നതാണ്.

** ** ** **

# 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (2021-ലെ 1)

** ** ** **

8. ചാൻസലർ.—(1) കേരള ഗവർണ്ണർ, അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം ഹേതുവായി, യൂണിവേഴ്സിറ്റിയുടെ ചാൻസലറായിരിക്കുന്നതാണ്.

** ** ** **

11. വൈസ് -ചാൻസലർ.—(1) ** **

** ** ** **

(6) താഴെപ്പറയുന്ന ഏതെങ്കിലും സാഹചര്യങ്ങളിൽ വൈസ്-ചാൻസലറുടെ ഒഴിവ് വരുന്നപക്ഷം, സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റേതെങ്കിലും യൂണിവേഴ്സിറ്റിയുടെ വൈസ്-ചാൻസലറെയോ ഈ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറെയോ ആറു മാസത്തിൽ കവിയാത്ത കാലയളവിലേക്ക്, വൈസ്-ചാൻസലറായി ചാൻസലർക്ക് നിയമിക്കാവുന്നതാണ്, അതായത് :—

(i) (2)-ാം ഉപവകുപ്പിൻ കീഴിൽ നിയമിച്ച അന്വേഷണ സമിതിക്ക് ചാൻസലർ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ ഏതെങ്കിലും പേര് ശിപാർശ ചെയ്യാൻ കഴിയാതെ വരുന്നിടത്ത് ;

(ii) മരണം, രാജി അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ വൈസ്-ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്ത് ഒഴിവുണ്ടാകുകയും (2), (3) എന്നീ ഉപവകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം സൗകര്യപ്രദമായും സത്വരമായും അത് നികത്താൻ കഴിയാതിരിക്കുകയും ചെയ്യുന്നിടത്ത് ;

(iii) അവധി, അസുഖം അല്ലെങ്കിൽ മറ്റേതെങ്കിലും കാരണങ്ങളാൽ വൈസ്-ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്ത് താൽക്കാലികമായ ഒഴിവുണ്ടാകുന്നിടത്ത് ;

(iv) വൈസ്-ചാൻസലറുടെ ഔദ്യോഗിക കാലാവധി അവസാനിക്കുന്നിടത്ത് ;

(v) മറ്റേതെങ്കിലും അടിയന്തരഘട്ടം ഉണ്ടാകുന്നിടത്ത് :

എന്നാൽ, അങ്ങനെ നിയമിക്കപ്പെട്ട ആൾ, വൈസ്-ചാൻസലർ ഔദ്യോഗിക സ്ഥാനത്ത് തിരികെ പ്രവേശിക്കുന്ന തീയതിയിൽ അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്നത് അവസാനിക്കുന്നതാണ്.

** ** ** **

# 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (2021-ലെ 10)

** ** ** **

8. ചാൻസലർ.—(1) കേരള ഗവർണ്ണർ, അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ ചാൻസലർ ആയിരിക്കുന്നതാണ്.

** ** ** **

11. വൈസ്-ചാൻസലർ.—(1) ** **

** ** ** **

(10) ഏതെങ്കിലും മുൻകൂട്ടി കാണാത്തതോ ആകസ്മികമോ ആയ കാരണങ്ങളാൽ വൈസ്-ചാൻസലർ സ്ഥാനത്ത് താൽക്കാലികമായ ഒഴിവ് ഉണ്ടാകുകയോ, അദ്ദേഹത്തിന് തൽസ്ഥാനത്ത് നിന്ന് താൽക്കാലികമായി ഒഴിഞ്ഞുനിൽക്കേണ്ടിവരികയോ ചെയ്യുമ്പോൾ, സർക്കാർ ശിപാർശ ചെയ്യുന്ന മറ്റ് ഏതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെയോ വിവരസാങ്കേതികവിദ്യ വകുപ്പ് സെക്രട്ടറിയെയോ മൊത്തം ആറ് മാസത്തിൽ കവിയാത്ത കാലയളവിലേക്ക് വൈസ്-ചാൻസലർ ആയി ചാൻസലർക്ക് നിയമിക്കാവുന്നതാണ്.

** ** ** **